# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 930 29/09/2011-ൽ മറുപടിക്ക്

**തിരുവനന്തപുരം ജില്ലയിൽ സംസ്കൃതം എച്ച്.എസ്.എ. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | തിരുവനന്തപുരം ജില്ലയിൽ 27.12.2007-ൽ നിലവിൽ വന്ന സംസ്കൃതം എച്ച്.എസ്.എ. യുടെ റാങ്ക് ലിസ്റ്റിൽ നിന്നുള്ളവരിൽ എത്ര പേരെ നിയമിച്ചു; ഇനി എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 6 പേരെ നിയമിച്ചു. ഒരു ഒഴിവ് |
| (ബി) | തിരുവനന്തപുരം ജില്ലയിൽ മണക്കാട്, വിതുര, പേട്ട എന്നീ സ്കൂളുകളിൽ ഇപ്പോൾ സംസ്കൃതം എച്ച്.എസ്.എ. യുടെ ഒഴിവുകൾ നിലവിലുണ്ടോ; ഇത് ഡി.ഡി.ഇ.യെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ പി.എസ്.സി.ക്ക് എന്ന് റിപ്പോർട്ട് ചെയ്യുമെന്ന് വ്യക്തമാക്കുമോ; | (ബി) | മണക്കാട് സ്കൂളിൽ ഒരു ഒഴിവുണ്ട്. വിതുര സ്കൂളിൽ എച്ച്.എസ്.എ. പാർട്ട് ടൈം ഒഴിവുണ്ട്. പേട്ട സ്കൂളിൽ ഒഴിവ് ഇല്ല. ഇത് ഐ.ഡി.റ്റി.യ്ക്കും ബൈ ട്രാൻസ്ഫറിനും മാറ്റിയിട്ടുള്ള ഒഴിവുകളാണ്. |
| (സി) | സംസ്കൃതം അദ്ധ്യാപക ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ ഡി.ഡി.ഇ.യിൽ കാലാതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല |

| | | | |
|---|---|---|---|
| (ഡി) | ഡി.ഡി.ഇ. യിൽ നിന്നും ഒരു ഒഴിവ് മാത്രം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയില്ല എന്ന റൂൾ നിലവിലുണ്ടോ; | (ഡി) | ഇല്ല |
| (ഇ) | റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നു തീരുമെന്ന് വ്യക്തമാക്കുമോ; ഈ ലിസ്റ്റിന്റെ കാലാവധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ? | (ഇ) | ലിസ്റ്റിന്റെ കാലാവധി 31/12/2011 വരെ നീട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.